

# ഇരിങ്ങാലക്കുട ഡോളേഴ്സ് ഇടവക

ഇരിങ്ങാലക്കുടയുടെ പടിഞ്ഞാറുഭാഗത്തെ പ്രാന്തപ്രദേശമായ താണിശ്ശേരിയിലെ പൂർവ്വികർ ആദ്യകാലങ്ങളിൽ മാപ്രാണം പള്ളിയെയും പിന്നീട് ഇരിങ്ങാലക്കുട പള്ളിയെയുമാണ് ദൈവാരാധനയ്ക്ക് മുഖ്യമായി ആശ്രയിച്ചിരുന്നത്.

## പള്ളി

ദൂരദൈർഘ്യവും യാത്രാക്ലേശവും പരിഹരിക്കുന്നതിന് സമീപസ്ഥലത്ത് ഒരു ദേവാലയം ഉണ്ടാകണമെന്ന ഉത്ക്കടമായ ആഗ്രഹം വിശ്വാസികൾക്കുണ്ടായിരുന്നു. തൃശ്ശൂർ വികാരിയാത്തിന്റെ രൂപീകരണത്തിനുശേഷം പരിശ്രമം അവിരാമം തുടർന്നു. ചെമ്പകശ്ശേരി കൂനമ്മാവ് റപ്പായി അന്തപ്പൻ, കുഞ്ഞുവറീയ്ത് എന്നീ സഹോദരന്മാർ ഇഷ്ടദാനമായി നല്കിയ ഭൂമി പള്ളി പണിയുന്നതിന് തിരഞ്ഞെടുത്തു. അതനുസരിച്ച് അനുവാദത്തിനായി മേലധികാരികളെ സമീപിക്കുകയുണ്ടായി. 1908-ൽ തൃശ്ശൂർ വികാരി അപ്പസ്തോലിക്കയായിരുന്ന മേനാച്ചേരി മാർ യോഹന്നാൻ മെത്രാൻ തിരുമനസ്സിലെ കല്പന നമ്പർ 2167/dt.24/10/1908 പ്രകാരം പള്ളിപ്പണിക്ക് അനുവാദം ലഭിച്ചു.താമസിയാതെ ശിലാസ്ഥാപനം നടത്തി, പണികൾ ആരംഭിച്ചു. പണികൾ യഥാസമയം പൂർത്തിയായപ്പോൾ 1909-ാമാണ്ടിൽ മേനാച്ചേരി മെത്രാൻതന്നെ ദേവാലയത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ച് പരിശുദ്ധ വ്യാകുലമാതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ചു.

ഇരിങ്ങാലക്കുട സെന്റ് ജോർജ്ജ് പള്ളിയുടെ (ഇപ്പോഴത്തെ കത്തീഡ്രൽ പള്ളി) കീഴിലുള്ള ഒരു കുരിശുപള്ളിയായി ആരംഭിച്ച ഈ പള്ളിയുടെ ആത്മീയ ചുമതല ഇരിങ്ങാലക്കുട പള്ളിയിലെ പെ. ബഹു. വികാരിയച്ചനായിരുന്നു. കൊല്ലവർഷം 1116-ൽ (എ.ഡി. 1941-ൽ) ഉണ്ടായ കൊടുങ്കാറ്റിന്റെ ഫലമായി പള്ളിക്ക് ബലക്ഷയം സംഭവിക്കുകയും ചില ഭാഗങ്ങൾ തകർന്നുവീഴുകയും ചെയ്തതിനാൽ പള്ളി പുതുക്കിപ്പണിയാൻ തീരുമാനിച്ചു. ഇപ്രകാരം പുനർനിർമ്മിതമായ ദേവാലയം അന്നത്തെ തൃശ്ശൂർ മെത്രാൻ മാർ ഫ്രാൻസിസ് വാഴപ്പിള്ളി വെഞ്ചരിച്ചു. ക്രമേണ ഇടവകയായെങ്കിലും ഇരിങ്ങാലക്കുട

ഫൊറോന പള്ളിയിലെ അച്ചന്മാർ വന്നാണ് തുടർന്നും കാര്യങ്ങൾ നടത്തിപ്പോന്നത്.

## സ്കൂൾ, കപ്പേളകൾ




L.F.L.P. സ്കൂൾ

പള്ളിയോട് ചേർന്ന് പള്ളിക്കൂടം എന്ന ചിന്തയോടുകൂടി 1928-ൽ പള്ളിയുടെ കീഴിൽ ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂൾ ആരംഭിച്ചു. വിശ്വാസപരിശീലനത്തിനും വ്യക്തിത്വ വികസനത്തിനും ഇത് ഉപകരിക്കുന്നു. പുരാതനമായ എൽ.പി. സ്കൂളിന്റെ കെട്ടിടം 2005-ൽ ബഹു. ആന്റോ പാറാശ്ശേരിയച്ചന്റെ നേതൃത്വത്തിൽ പുതുക്കിപ്പണിതു. വെഞ്ചരിപ്പുകർമ്മവും ഉദ്ഘാടനവും 2005 ഡിസംബറിൽ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവാണ് നിർവ്വഹിച്ചത്.



ലിറ്റിൽ ഫ്ളവർ കപ്പേള (ചുങ്കം)



വി. ഗീവർഗ്ഗീസിന്റെ കപ്പേള



വി.അന്തോണീസിന്റെ കപ്പേള (പള്ളിയോടുചേർന്ന്)

തെക്കേ കാവൽപ്പുര ഭാഗത്ത് വി. ഗീവർഗ്ഗീസിന്റെ നാമധേയത്തിൽ ഒരുകപ്പേള സ്ഥാപിച്ചിരുന്നു. പള്ളിയുടെ കിഴക്ക് ചുങ്കം പ്രദേശത്ത് റോഡിനഭിമുഖമായി സ്ഥിതിചെയ്യുന്ന വി. കൊച്ചുത്രേസ്യയുടെ (ലിറ്റിൽ ഫ്ളവർ) കപ്പേള ആലുക്ക കുടുംബത്തിലെ കാരണവരുടെ നേതൃത്വത്തിൽ ആ ഭാഗത്തുള്ളവർ പരിശ്രമിച്ചതിന്റെ ഫലമാണ്. ഈ കപ്പേള പുതുക്കിപ്പണിത് 1982-ൽ സെപ്റ്റംബർ തിരുനാളിനോടനുബന്ധിച്ച് വെഞ്ചരിപ്പുകർമ്മം നടത്തി. പ്രസ്തുത കപ്പേളയുടെ രണ്ടാംനില പണിത് വെഞ്ചരിച്ചത് 1993-ലാണ്. 1995-ൽ സിമിത്തേരിയിൽ കപ്പേള പണിതു. കൂടാതെ, പള്ളിയുടെ തൊട്ടടുത്ത് വി. അന്തോണീസിന്റെ നാമധേയത്തിൽ നിലവിലുണ്ടായിരുന്ന കപ്പേള. ബഹു. ഇഗ്നേഷ്യസ് ചിറ്റിലപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ പുതുക്കിപ്പണിതു; 2008 ജനുവരിയിൽ അഭിവന്ദ്യപിതാവ് വെഞ്ചരിച്ചു. അങ്ങനെ ആകെ 3 കപ്പേളകൾ.

## സ്ഥിരതാമസമുള്ള വികാരി

ഇടവകജനങ്ങളുടെ സൗകര്യാർത്ഥം 1963-ൽ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവ് നടത്തിപ്പുപള്ളിയുടെ നിലയിൽ നിന്ന് ഇതിനെ ഉയർത്തി, വികാരി സ്ഥിരവാസമുള്ള ഒരിടവകയാക്കി. രൂപതാദ്ധ്യക്ഷന്റെ കല്പനപ്രകാരം ആദ്യമായി ഇവിടെ താമസം ആരംഭിച്ച വികാരി കാരാത്ര ബഹു. സെബാസ്റ്റ്യൻ അച്ചനാണ്.

1974-ലാണ് സിമിത്തേരി പുതുക്കിപ്പണിതത്. 1976-ൽ പള്ളിയുടെ മദ്ബഹാ നവീന രീതിയിൽ പുനർനിർമ്മിച്ചു. 1977-ൽ മണിമാളിക പണിതു. നോർത്ത് താണിശ്ശേരി പ്രദേശത്ത് ഇടവകക്കാർ താമസിക്കുന്നുണ്ടെങ്കിലും പള്ളി സ്ഥിതിചെയ്യുന്നത് ഇരിങ്ങാലക്കുട നഗരാതിർത്തിയിലായതിനാൽ 1978-ലെ തീരുമാനപ്രകാരം പള്ളിയുടെ സ്ഥലനാമം "ഇരിങ്ങാ

ലക്കുട വെസ്റ്റ്" എന്നാക്കി.

1996 ജൂണിൽ വികാരി ഫാ. ജോയ് കടമ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ നിലവിലുള്ള പള്ളിയുടെ ബലക്ഷയവും സൗകര്യക്കുറവും വിലയിരുത്തി, പ്രായോഗിക നടപടിയായി പള്ളി പുതുക്കി പണിയാൻ നിശ്ചയിച്ചു.

## പുതിയ പള്ളി, വൈദികമന്ദിരം

1997 ജൂലൈ മാസത്തിൽ പുതിയ വികാരിയായി ഫാ. ആന്റണി തെക്കിനേത്ത് ചാർജ്ജെടുത്തു. പള്ളി പുതുക്കിപ്പണിയാൻ രൂപതയിൽ നിന്ന് അനുവാദം ലഭിച്ചതനുസരിച്ച് 1997 സെപ്റ്റംബർ 28-ാം തിയ്യതി അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് ശിലാസ്ഥാപനം നടത്തി. 1998 സെപ്റ്റംബർ 8-ന് മാർ ജെയിംസ് പഴയാറ്റിൽ പുതിയ വൈദിക മന്ദിരം ആശീർവദിച്ചു. ബഹു. ഫാ. ആന്റണി തെക്കിനേത്തിന്റെ നേതൃത്വത്തിൽ പണിപൂർത്തിയാക്കിയ മനോഹരമായ പള്ളി 2001 ഏപ്രിൽ 28-ാം തിയ്യതി അഭിവന്ദ്യപിതാവ് കൂദാശാകർമ്മം നിർവ്വഹിച്ച് വി. കുർബാനയർപ്പിച്ചു.



വൈദിക മന്ദിരം

1998-ൽ അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (A.S.M.I) എന്ന സന്യാസസമൂഹം ഇടവകയിൽ അസ്സീസി കോൺവെന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. അവരുടെ നേതൃത്വത്തിൽ ഒരു നേഴ്സറി സ്ക്കൂൾ പ്രവർത്തിക്കുന്നു. കൂടാതെ ഇടവകയുടെ പ്രവർത്തനങ്ങളിൽ അവർ സജീവമായി പങ്കുചേരുന്നു.

ഇടവകയിലെ മതബോധന പ്രവർത്തനങ്ങൾ സജീവമാണ്. ആകെ 13 കുടുംബയൂണിറ്റുകളായി 440 വീടുകളാണുള്ളത്. 2009 മുതൽ ബഹു. ജോണി മേനാച്ചേരിയച്ചനാണ് ഇടവകയ്ക്ക് സജീവമായ നേതൃത്വം നല്കുന്നത്.



A.S.M.I അസ്സീസി കോൺവെന്റ്

## വികാരിമാർ (1943 മുതൽ)

**ഇരിങ്ങാലക്കുടയിൽനിന്ന്**

വെരി. റവ. ഫാ. ജോൺ ചിറയത്ത് (1943-44), വെരി. റവ. ഫാ. ജോർജ്ജ് ചിറമ്മൽ (1944-55), വെരി. റവ. ഫാ. ജോൺ അക്കര (1955-56), വെരി. റവ. ഫാ. ആന്റണി തെക്കിനിയത്ത് (1956-63).

## സ്ഥിരവാസമുള്ള വികാരിമാർ

റവ. ഫാ. സെബാസ്റ്റ്യൻ കാരാത്ര (1963), റവ. ഫാ. ജോർജ്ജ് ആലേങ്ങാടൻ, റവ. ഫാ. ജോസ് വേഴപ്പറമ്പിൽ (1968-70), റവ. ഫാ. ജോൺ ചെമ്മണ്ണൂർ (1970-72), റവ. ഫാ. ആന്റണി ആലപ്പാട്ട് (Jr.) (1972-75), റവ. ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ (1975), റവ.ഫാ. പോൾ മേച്ചേരി (1976-78), റവ. ഫാ. ജോൺ കവലക്കാട്ട് (Sr.) (1978-81), റവ. ഫാ. സെബാസ്റ്റ്യൻ മാളിയേക്കൽ (1981-86), റവ. ഫാ. വിൽസൺ മംഗലൻ (1986-88), റവ. ഫാ. ജോർജ്ജ് പാലമറ്റം (1988-91), റവ. ഫാ. ജോസ് മഞ്ഞളി (1991-94), റവ. ഫാ. ജോയ് കടമ്പാട്ട് (1994-97), റവ. ഫാ. ആന്റണി തെക്കിനേത്ത് (1997-2002), റവ. ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽ (2002-2003), റവ. ഫാ. ആന്റോ പാറാശ്ശേരി (2003-2006), റവ. ഫാ. ഇഗ്നേഷ്യസ് ചിറ്റിലപ്പിള്ളി (2006-2009), റവ. ഫാ. ജോണി മേനാച്ചേരി (2009-).



മണിമാളിക



പഴയ പള്ളി